പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5152 27/07/2015 - ൽ മറുപടിയ്ക്ക്

**ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ നടപടി നേരിടുന്ന ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) ജോലിക്കിടെ മദ്യപിച്ചതിന്റെ പേരിൽ തലസ്ഥാന നഗരിയിൽ ഈ വർഷം വിദ്യാഭ്യാസ വകുപ്പിലെ ഒരേ ഓഫീസിലെ എത്ര ജീവനക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; | (എ) മൂന്നുപേർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിൽ നേരിട്ട് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/06/2015 - ലെ വി4 / 52247/15/ഡി.പി.ഐ എന്ന നടപടി ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാരെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം സസ്പെന്റ് ചെയ്തു. ഓഫീസിൽ ഇരുന്ന് മദ്യപിച്ചതിന്റെ പേരിൽ ഇവർക്കെതിരെ തിരുവനന്തപുരം ഫോർട്ട് പോലീസ് എഫ്.ഐ.ആർ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ശ്രീ.എ.ഒ.ജയകുമാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പദവിയിൽ സേവനം ചെയ്യുന്ന ഉദ്യോഗസ്ഥനായതിനാൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടി സർക്കാർ തലത്തിലാണ് സ്വീകരിക്കേണ്ടത്, എന്നതിനാൽ ടിയാനെതിരെ വേലവിലക്ക് കൽപ്പിച്ച നടപടി സാധൂകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ30/06/2015-ലെ വി4/52247/15/ഡി.പി.ഐ എന്ന കത്ത് പ്രകാരം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും, ഗവൺമെന്റിന്റെ 08/07/2015-ലെ സ.ഉ. (സാധാ) നം. 2772/15/പൊ.വി.വ ഉത്തരവ് പ്രകാരം സാധൂകരണം നല്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | ഇത്തരം സംഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഗവൺമെന്റ് തലത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ.സി)വകുപ്പിന്റെ 23/03/2015 -ലെ 515/ഉപ.സി2/ 2015/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേലദ്ധ്യക്ഷന്മാർക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുവാൻ എല്ലാ സർക്കാർ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരാണ്. ഭാവിയിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ